LIBRARY ARCHIVES Kerala Legislative Assembly

ഓണക്കാലത്തെ പച്ചക്കറി വിൽപ്പന സുലഭമാക്കാൻ നടപടി

32 [2895] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരുന്ന ഓണക്കാലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ സുലഭമായും വിലക്കുറച്ചും ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വരുന്ന ഓണക്കാലത്ത് (2004) പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ സുലഭമായും വിലക്കുറച്ചും ലഭ്യമാക്കുവാൻ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപുലമായ നടപടികൾ സ്വീകരിച്ചുവരികയാണ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ 5 സിറ്റി കോർപ്പറേഷനുകളിൽ രണ്ടാഴ്ചക്കാലം നീണ്ടുനിൽക്കുന്ന ഓരോ മെട്രോ ഫെയറുകളും മറ്റു 9 ജില്ലാ ആസ്ഥാനങ്ങളിലും എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിലും 18-8-2004 മുതൽ 27-8-2004 വരെ 10 ദിവസം നീണ്ടു നിൽക്കുന്ന 10 ജില്ലാ ഫെയറും മുനിസിപ്പൽ താലൂക്ക് ആസ്ഥാനങ്ങളിൽ 23-8-2004 മുതൽ 27-8-2004 വരെ 5 ദിവസം പ്രവർത്തിക്കുന്ന 67 ഓണച്ചന്തകളും നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു. ഈ വിൽപ്പന കേന്ദ്രങ്ങളിലൂടെ ഏത്തക്കായും 26 ഇനം പച്ചക്കറികളും പൊതു വിപണിയിലെ വിലയേക്കാൾ 15 ശതമാനം മുതൽ 40 ശതമാനം വരെ വിലക്കുറച്ച് വിൽപ്പന നടത്തുവാനും അരി, പലവ്യഞ്ജനങ്ങൾ തുടങ്ങിയ എല്ലാ നിത്യോപയോഗ സാധനങ്ങളും മിതമായ നിരക്കിൽ വിൽപ്പന നടത്തുവാനും തീരുമാനമായിട്ടുണ്ട്. ഇതുകൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്ഥിരം വിപണന ശൃംഖലകളായ മാവേലിസ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ എന്നിവ വഴിയും നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ ഓണക്കാലത്ത് വിതരണം നടത്തുന്നതാണ്.

വിലനിലവാരം പിടിച്ചുനിറുത്തുന്നതിനും കമ്പോളത്തിൽ ഇടപെടുന്നതിനും പദ്ധതി

33 [2896] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലനിലവാരം പിടിച്ചുനിറുത്തുന്നതിനും കമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനും പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;